പാഠം 11 സെപ്റ്റംബർ 2-8

# ക്രിസ്തുവിൽ സ്വാതന്ത്ര്യം

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ഗലാ. 5:1–15; 1 കൊരി. 6:20; റോമ. 8:1; എബ്രാ. 2:14,15; റോമ. 13:8.**

**മനഃപാഠവാക്യം: "സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു; ഈ സ്വാതന്ത്ര്യം ജഡത്തിന് അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിക്കുവിൻ" (ഗലാ. 5:13).**

ഗലാത്യർ 2:4 ൽ, നമുക്ക് ക്രിസ്തുയേശുവിലുള്ള "സ്വാതന്ത്ര്യം" സംരക്ഷിക്കുന്നതിനെക്കുറിച്ച് പൗലൊസ് ചുരുക്കമായി പ്രതിപാദിക്കുന്നു. എന്നാൽ "സ്വാതന്ത്ര്യത്തെക്കുറിച്ച്" മിക്കപ്പോഴും അവൻ സംസാരിക്കുമ്പോൾ അവനെന്താണ് അർത്ഥമാക്കുന്നത്? ഈ സ്വാതന്ത്ര്യത്തിൽ എന്ത് ഉൾപ്പെട്ടിരിക്കുന്നു? ഈ സ്വാതന്ത്ര്യം എത്രത്തോളം പോകും? അതിന് പരിധികളുണ്ടോ? ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിന് ന്യായപ്രമാണവുമായി എന്തുബന്ധമാണുള്ളത്?

പൗലൊസ് ഈ ചോദ്യങ്ങളെ സംബോധന ചെയ്യുന്നത് ഗലാത്യർക്ക് രണ്ട് അപകടങ്ങളെക്കുറിച്ചുള്ള താക്കീത് നൽകിക്കൊണ്ടാണ്. ഒന്നാമത് നിയമസിദ്ധാന്തമാണ്. ഗലാത്യയിലുള്ള പൗലൊസിന്റെ എതിരാളികൾ അവരുടെ പെരുമാറ്റത്തിലൂടെ ദൈവത്തിന്റെ പ്രീതി സമ്പാദിക്കാനുള്ള തത്രപ്പാടിലായതിനാൽ അവർക്ക് ക്രിസ്തുവിന്റെ പ്രവൃത്തിയുടെ വിടുവിക്കുന്ന പ്രകൃതം കാണാൻ കഴിയാതെപോയി. വിശ്വാസത്തിലൂടെ നേരത്തെത്തന്നെ അവർക്ക് ക്രിസ്തുവിലുള്ള രക്ഷ അവർ കണ്ടില്ല. രണ്ടാമത്തെ ഭീഷണി തന്നിഷ്ടപരമായി ക്രിസ്തു നമുക്കായി വാങ്ങിത്തന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുക എന്ന പ്രവണതയാണ്. ഈ കാഴ്ചപ്പാട് കാത്തുസൂക്ഷിക്കുവാൻ സ്വാതന്ത്ര്യം ന്യായപ്രമാണത്തിന് കടകവിരുദ്ധമാണെന്ന് തെറ്റായി കണക്കാക്കുന്നു.

തന്നിഷ്ടവും നിയമസിദ്ധാന്തവും സ്വാതന്ത്ര്യത്തിന് എതിരാണ്. കാരണം അവ ഒരുപോലെ ഒരുതരം അടിമത്തത്തിൽ ചേർന്നുനിൽക്കുന്നു. എന്നിരുന്നാലും, ഗലാത്യരോടുള്ള പൗലൊസിന്റെ ആഹ്വാനം ക്രിസ്തുവിൽ അവരുടെ യഥാർത്ഥ അവകാശമായ, സത്യമായ സ്വാതന്ത്ര്യത്തിൽ ഉറച്ചുനിൽക്കുക എന്നതാണ്.

സെപ്റ്റംബർ 9 ലെ ശബ്ബത്തിനായി ഒരുങ്ങുവാൻ ഈയാഴ്ചയിലെ പാഠം പഠിക്കുക.

**ഞായർ** **സെപ്റ്റംബർ 3**

**ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി**

**സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നിൽക്കുവിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്" (ഗലാ. 5:1).**

പതറിനിൽക്കുന്ന തന്റെ സൈന്യത്തോട് യുദ്ധസന്നദ്ധരാകാൻ ഒരു സൈനിക മേധാവി നൽകുന്ന ആജ്ഞപോലെ, ക്രിസ്തുവിലുള്ള അവരുടെ സ്വാതന്ത്ര്യം അടിയറ വെയ്ക്കരുതെന്ന് പൗലൊസ് അവരെ ആഹ്വാനം ചെയ്യുന്നു. പൗലൊസിന്റെ സ്വരവ്യത്യാസത്തിന്റെ ശക്തിയും തീവ്രതയും വാക്കുകൾ കടലാസിൽനിന്നും പുറത്തുചാടി പ്രവർത്തിപഥത്തിലെത്തുന്നതായി തോന്നിപ്പിക്കുന്നു. വാസ്തവത്തിൽ ഇതുതന്നെയാണ് പൗലൊസ് ഉദ്ദേശിച്ചതെന്നും തോന്നുന്നു. ഈ വാക്യത്തിന് മുൻപും ശേഷമുള്ളതുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും, ആശയപരമായി, അതിന്റെ ആകസ്മികതയും ഗ്രീക്കിലെ വാക്യങ്ങളിലെ പദവിന്യാസക്രമവും സൂചിപ്പിക്കുന്നത് ഈ വാക്യം ഒരു ഭീമാകാരമായ പരസ്യമായി വേറിട്ട് നിൽക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചുവെന്നാണ്. പൗലൊസ് വാദിക്കുന്നതിന്റെ ആകെത്തുക ക്രിസ്തുവിലുള്ള സ്വാതന്ത്ര്യമാണ്, ഗലാത്യരാകട്ടെ അത് നഷ്ടമാക്കുന്ന അപകടത്തിലും.

**ഗലാ. 1:3,4; 2:16; 3:13 എന്നിവ വായിക്കുക. ഈ വാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ചില അലങ്കാരങ്ങൾ എന്തൊക്കെയാണ്, ക്രിസ്തു നമുക്കുവേണ്ടി എന്തു ചെയ്തുവെന്ന് മനസ്സിലാക്കുവാൻ അവ നമ്മെ എങ്ങനെ സഹായിക്കുന്നു?**

"സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു" (ഗലാ.5:1) എന്ന പൗലൊസിന്റെ വാക്കുകൾ, സൂചിപ്പിക്കുന്നത് ഇവിടെ അവന്റെ മനസ്സിൽ മറ്റൊരു അലങ്കാരമുണ്ടെന്നാണ്. ഈ പദശകലത്തിന്റെ വാക്കുകൾ പവിത്രമായ അടിമ വിമോചനത്തിനുപയോഗിച്ചിരിക്കുന്ന വാക്കുകൾക്ക് സമമാണ്. കാരണം അടിമകൾക്ക് നിയമപരമായ അവകാശങ്ങളില്ലായിരുന്നു. ഒരു ദേവൻ അല്ലെങ്കിൽ ദേവതയ്ക്ക് അടിമകളുടെ സ്വാതന്ത്ര്യം വാങ്ങാമെന്ന് കണക്കാക്കപ്പെട്ടിരുന്നു, ഇതിനു പ്രത്യുപകാരമായി, അടിമ യഥാർത്ഥത്തിൽ സ്വതന്ത്രനാണെങ്കിലും, നിയമപരമായി ആ ദൈവത്തിനു അവകാശപ്പെട്ടതാണ്. നിശ്ചയമായും, പ്രവർത്തിപഥത്തിൽ അത് സാങ്കൽപികമായിരുന്നു; അവന്റെയോ അവളുടെയോ സ്വാതന്ത്ര്യത്തിനുള്ള പണം ക്ഷേത്രഖജനാവിലേക്ക് അടയ്ക്കുന്നത് അടിമയാണ്. ഉദാഹരണത്തിന് 201 ബി.സി. മുതൽ 100 എ.ഡി. വരെ പിനീയൻ അപ്പോളയുടെ സെൽഫിയിലുള്ള ക്ഷേത്രങ്ങളിൽ കണ്ടെത്തിയ 1050 ലിഖിതങ്ങളിൽ ഉപയോഗിക്കപ്പെട്ടിരുന്ന സൂത്രവാക്യം നോക്കു: "സ്വാതന്ത്ര്യത്തിനായി, പിനീയനായ അപ്പോളോ അംഫീസയിലെ സോസിബസിൽ നിന്ന് നിക്കേയി എന്നുപേരുള്ള ഒരു പെൺഅടിമയെ വാങ്ങി... എന്നാലും നിക്കേയി സ്വാതന്ത്ര്യത്തിനായി അപ്പോളോയോട് കടപ്പെട്ടിരുന്നു. 'Ben witherington III Grace in Galatia (Grand Rapids, Mich: William. B. Cerdmans Publishing Company, 1998),' p.340.

പൗലൊസിന്റെ പദപ്രയോഗവുമായി ഈ സൂത്രവാക്യം ചില സമാനതകൾ പങ്കുവയ്ക്കുന്നു. എന്നാൽ അടിസ്ഥാനപരമായ ഒരു വ്യത്യാസമുണ്ട്. പൗലൊസിന്റെ അലങ്കാരത്തിൽ, സാങ്കല്പികതയൊന്നുമില്ല. വാങ്ങൽ വില നാം നൽകിയതല്ല (1 കൊരി. 6:20; 7:23). വില നമുക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. നമുക്ക്

സ്വയം രക്ഷിക്കാനുള്ള ശക്തിയില്ലായിരുന്നു, എന്നാൽ യേശു കടന്നുവന്ന് നമുക്ക് ചെയ്യാൻ കഴിയാത്തത് ചെയ്തു (കുറഞ്ഞപക്ഷം നമ്മുടെ ജീവനെ ത്യജിക്കാതെ). അവൻ നമ്മുടെ പാപങ്ങൾക്കുള്ള പിഴ നൽകി, അങ്ങനെ നമ്മെ ശിക്ഷാവിധിയിൽ നിന്നും രക്ഷിച്ചു.

**നിങ്ങളുടെ സ്വന്തം ജീവിതം നോക്കുക. നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ കഴിയുമെന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? നമുക്ക് യേശുവിൽ നൽകപ്പെട്ടിരിക്കുന്നതിനെയോർത്ത് നാമെത്ര നന്ദിയുള്ളവരായിരിക്കണം എന്നതിനെക്കുറിച്ച് നിങ്ങളുടെ ഉത്തരം എന്തുപറയുന്നു?**

**തിങ്കൾ** **സെപ്റ്റംബർ 4**

**ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ പ്രകൃതം**

സ്വാതന്ത്ര്യത്തിൽ ഉറച്ചു നിൽക്കാനുള്ള പൗലൊസിന്റെ ആജ്ഞ ഏകാന്തതയിൽ ഉണ്ടാക്കിയതല്ല. ഒരു പ്രധാനപ്പെട്ട വസ്തുതാ പ്രസ്താവന അതിനു മുൻപു വരുന്നു: “ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി.” എന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ അവരുടെ സ്വാതന്ത്ര്യത്തിൽ ഉറച്ചുനിൽക്കേണ്ടത്? കാരണം ക്രിസ്തു അവരെ നേരത്തെ തന്നെ സ്വതന്ത്രരാക്കിയിട്ടുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ സ്വാതന്ത്ര്യം ക്രിസ്തു നമുക്കുവേണ്ടി മുൻകൂട്ടി ചെയ്തതിന്റെ ഫലമാണ്.

വസ്തുതാപരമായ ഒരു പ്രസ്താവനയ്ക്കുശേഷം ഒരു അനുസരണം എന്ന മാതൃക പൗലൊസിന്റെ എഴുത്തുകളുടെ പ്രത്യേകതയാണ് (1 കൊരി. 6:20; 10:13,14; കൊലൊ. 2:6). ഉദാഹരണത്തിന്, “നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്ക പ്പെട്ടു” (റോമ. 6:6) എന്നപോലെ ക്രിസ്തുവിലുള്ള നമ്മുടെ അവസ്ഥയെ സംബന്ധിച്ച വസ്തുതകൾ റോമർ 6 ൽ നിരവധി സൂചനാ പ്രസ്താവനകാളായി പൗലൊസ് ചെയ്തിട്ടുണ്ട്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ, പൗലൊസിന് പിന്നീട് അനിവാര്യമായ അനുശാസനം പുറത്തുവിടാൻ കഴിയും “ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്” (റോമ. 6:12). “നിങ്ങൾ ക്രിസ്തുവിൽ മുൻപ് ആയിരുന്നതുപോലെ ആയിരിക്കുക” എന്നു പൗലൊസ് പറയുന്ന രീതിയാണ് ഇത്. നാം ദൈവത്തിന്റെ മക്കളാണെന്ന് തെളിയിക്കാൻ കാര്യങ്ങൾ ചെയ്യേണ്ടുന്ന ഭാരം സുവിശേഷത്തിന്റെ ധാർമ്മികജീവിതം നമ്മുടെ മേൽ ഏൽപ്പിക്കുന്നില്ല. പിന്നെയോ നാം ചെയ്യുന്നത് നാം നേരത്തെതന്നെ അവന്റെ മക്കളായതുകൊണ്ടാണ്.

**ക്രിസ്തു നമ്മെ എന്തിൽനിന്നാണ് സ്വതന്ത്രമാക്കിയത്? റോമ. 6:14,18; 8:1; ഗലാ. 4:3,8; 5:1; എബ്രാ. 2:14,15.**

ക്രിസ്തീയ ജീവിതത്തെ വർണ്ണിക്കുവാൻ “സ്വാതന്ത്ര്യം” എന്ന വാക്കിന്റെ ഉപയോഗം പുതിയനിയമത്തിൽ മറ്റെങ്ങും ഇല്ലാത്തതുപോലെ പ്രകടമായി പൗലൊസിന്റെ എഴുത്തുകളിൽ കാണപ്പെടുന്നു. സ്വാതന്ത്ര്യം എന്ന വാക്കും അതിന്റെ അനുബന്ധനങ്ങളും പൗലൊസിന്റെ എഴുത്തുകളിൽ 28 പ്രാവശ്യം കാണപ്പെടുന്നു. മറ്റിടങ്ങളിൽ 13 പ്രാവശ്യവും.

സ്വാതന്ത്ര്യം എന്നതുകൊണ്ട് പൗലൊസ് എന്താണ് അർത്ഥമാക്കുന്നത്? ഒന്നാമതായി, അത് വെറുമൊരു ആശയമല്ല. അത് രാഷ്ട്രീയ സ്വാതന്ത്ര്യത്തെയോ സാമ്പത്തിക സ്വാതന്ത്ര്യത്തെയോ അല്ലെങ്കിൽ നമുക്ക് ബോധിച്ചതുപോലെ ജീവിക്കാനുള്ള സ്വാതന്ത്ര്യത്തെയും സൂചിപ്പിക്കുന്നില്ല. ഇതിനു വിപരീതമായി, അത് യേശുക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തിൽ അടിസ്ഥാനപ്പെട്ട ഒരു സ്വാതന്ത്ര്യമാണ്. ആ പശ്ചാത്തലം സൂചിപ്പിക്കുന്നത് ന്യായപ്രമാണ പ്രേരിതമായ ക്രിസ്ത്യാനിത്വത്തിലുള്ള ശിക്ഷയിൽനിന്നും അടിമത്തത്തിൽനിന്നുള്ള സ്വാതന്ത്ര്യത്തെയുമാണ് പൗലൊസ് പരാമർശിക്കുന്നതെന്നാണ്, എന്നാൽ നമ്മുടെ സ്വാതന്ത്ര്യം അതിലും വളരെയധികമാണ്. അതിൽ ഉൾപ്പെട്ടിരിക്കുന്നത് പാപത്തിൽനിന്നും, നിത്യമരണത്തിൽനിന്നും, പിശാചിൽനിന്നുമുള്ള സ്വാതന്ത്ര്യമാണ്.

"യേശുക്രിസ്തുവിന് പുറത്തുള്ള മനുഷ്യനിലനിൽപ്പിനെ അടിമത്തമായാണ് ചിത്രീകരിക്കുന്നത്. ന്യായപ്രമാണത്തോടുള്ള അടിമത്തം, ലോകത്തിൽ ആധിപത്യമുള്ള തിന്മയോടുള്ള അടിമത്തം, പാപത്തോടുള്ള അടിമത്തം, ജഡം, പിശാച് എന്നിവയോടുള്ള അടിമത്തം, ഈ അടിമസൂക്ഷിപ്പുകാരുടെ ആധിപത്യം തകർക്കാനാണ് ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത്." Timothy George, Galatians, p. 354.

**ജീവിതത്തിൽ എന്ത് കാര്യങ്ങളോടാണ് നിങ്ങൾക്ക് അടിമത്തം തോന്നിയിട്ടുള്ളത്? ഗലാത്യർ 5:1 കാണാതെ പഠിക്കുകയും നിങ്ങൾക്ക് ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം നിങ്ങളുടെ ജീവിതത്തിൽ ഒരു യാഥാർത്ഥ്യമാക്കി മാറ്റാൻ ദൈവത്തോട് ആവശ്യപ്പെടുകയും ചെയ്യുക.**

**ചൊവ്വ** **സെപ്റ്റംബർ 5**

**നിയമസിദ്ധാന്തത്തിന്റെ അപകടകരമായ പരിണിതഫലങ്ങൾ**

പൗലൊസ് ഗലാത്യർ 5:2-12 അവതരിപ്പിക്കുന്ന രീതി അവൻ പറയുവാൻ പോകുന്നതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. "നോക്കൂ" "ശ്രദ്ധിക്കൂ" "എന്റെ വാക്കുകൾ ശ്രദ്ധിക്കുക" "പൗലൊസായ ഞാൻ നിങ്ങളോടു പറയുന്നു." പൗലൊസ് തമാശ കളിക്കുകയല്ല. നോക്കൂ എന്ന അവന്റെ ശക്തമായ പ്രയോഗത്തിലൂടെ, അവൻ അവന്റെ വായനക്കാരുടെ ശ്രദ്ധ മുഴുവൻ പിടിച്ചുപറ്റുകമാത്രമല്ല, അവൻ അവന്റെ അപ്പോസ്തലിക അധികാരവും പുറത്തുകൊണ്ടുവരുന്നു. രക്ഷപ്പെടുന്നതിനായി ജാതികൾ അഗ്രചർമ്മത്തിന് വിധേയരാകുകയാണെങ്കിൽ ഗലാത്യർ അവരുടെ തീരുമാനത്തിന്റെ അപകടകരമായ പരിണിതഫലങ്ങൾ തിരിച്ചറിയണമെന്നും അവനാഗ്രഹിക്കുന്നു.

**ഗലാ. 5:2-12 വായിക്കുക. അഗ്രചർമ്മം എന്ന കാര്യത്തെത്തുറിച്ച് പൗലൊസ് എന്താണ് താക്കീത് ചെയ്യുന്നത്?**

അഗ്രചർമ്മത്തിനു വിധേയരായി ദൈവത്തിന്റെ പ്രീതി സമ്പാദിക്കുവാൻ ശ്രമിക്കുന്നതിന്റെ ആദ്യത്തെ പരിണിതഫലം അത് ആ വ്യക്തിയെ ന്യായപ്രമാണം മുഴുവൻ പാലിക്കാൻ ബാദ്ധ്യസ്ഥനാക്കുന്നുവെന്നാണ്. രണ്ടും മൂന്നും വാക്യങ്ങളിലെ പൗലൊസിന്റെ ഭാഷ വാക്കുകളുടെ ഒരു കളിയാണ്. അവൻ പറയുന്നത്, ക്രിസ്തു അവരെ ന്യായപ്രമാണത്തിനു പ്രയോജനമുള്ളവരല്ല (opheleset) പിന്നെയോ കഷ്ട

പ്പാടുള്ളവർ (opheileters) ആക്കും എന്നാണ്. ഒരു വ്യക്തി ന്യായപ്രമാണ പ്രകാരം ജീവിക്കാനാഗ്രഹിക്കുന്നുവെങ്കിൽ, അവനോ അവൾക്കോ പിന്തുടരാനുള്ള ധർമ്മോ പദേശങ്ങൾ തെരഞ്ഞെടുക്കാനാവില്ല. ഒന്നുകിൽ എല്ലാം അല്ലെങ്കിൽ ഒന്നുമില്ല.

രണ്ടാമതായി അവർ ക്രിസ്തുവിൽനിന്നും "ഛേദിക്കപ്പെടും." പ്രവർത്തികളാൽ നീതീകരിക്കപ്പെടാം എന്ന തീരുമാനം ഒരേസമയം ക്രിസ്തുവിലുള്ള നീതീകരണം എന്ന ദൈവത്തിന്റെ മാർഗ്ഗത്തെ തിരസ്കരിക്കുകയും ചെയ്യുന്നു. "രണ്ടുരീതിയിലും നിങ്ങൾക്ക് അതുണ്ടാക്കാൻ കഴിയില്ല. നിങ്ങൾക്ക് സ്വയമായി രക്ഷിക്കാൻ കഴിയില്ലെന്ന് സമ്മതിക്കുകയും ക്രിസ്തുവിനെ സ്വീകരിക്കാതിരിക്കുകയും അസാദ്ധ്യമാണ്. പിന്നീട് അഗ്രചർമ്മം സ്വീകരിക്കുകയും, അതിലൂടെ നിങ്ങൾക്ക് സാധിക്കുമെന്ന് അവകാശ പ്പെടാനുമാകില്ല." John R.W. Stott, The Message of Galatians (Leicester, England : inter Varsity press, 1968),p.133

അഗ്രചർമ്മത്തോടുള്ള പൗലൊസിന്റെ മൂന്നാമത്തെ എതിർപ്പ് അത് ആത്മീയ വളർച്ചയെ തടസ്സപ്പെടുത്തുമെന്നാണ്. ഒരു ഓട്ടക്കാരന്റെ ലക്ഷ്യസ്ഥാനത്തേക്കുള്ള പുരോഗതി മനഃപൂർവ്വം അട്ടിമറിക്കുന്നതാണ് അവന്റെ ഉപമ. വാസ്തവത്തിൽ, "തടസ്സപ്പെടുത്തുക"എന്ന് തർജ്ജമ ചെയ്തിരിക്കുന്ന വാക്ക് സൈനിക വൃത്തങ്ങളിൽ മാർഗ്ഗതടസ്സമുണ്ടാക്കാൻ. ഒരു റോഡ് തകർക്കുന്നതിനോ ഒരു പാലം തകർക്കുന്ന തിനോ ശത്രുവിന്റെ പാതയിൽ ഒരു തടസ്സം വെയ്ക്കുന്നതിനോ ഉപയോഗിച്ചിരുന്ന താണ്. "The SDA Bible commentarry, vol.6,p.978

ഒടുവിലായി അഗ്രചർമ്മം ക്രൂശിന്റെ നിന്ദയെ അകറ്റുന്നു. എങ്ങനെ? അഗ്ര ചർമ്മത്തിന്റെ സന്ദേശം സൂചിപ്പിക്കുന്നത് നിങ്ങൾക്ക് നിങ്ങളെത്തന്നെ രക്ഷിക്കാ മെന്നാണ്; അത് മനുഷ്യഅഹന്തയ്ക്ക് സുഖകരമാണ്. എന്നാൽ ക്രൂശിന്റെ സന്ദേശം മനുഷ്യ അഹന്തയെ തകർത്തുകളയുന്നതാണ്. കാരണം നാം പൂർണമായി ക്രിസ്തു വിൽ ആശ്രയിക്കണം എന്നു നാം അംഗീകരിക്കണം.

അഗ്രചർമ്മത്തിന്റെ കാര്യത്തിൽ നിർബന്ധം പിടിക്കുന്ന ഈ ആളുകളോട് പൗലൊസിന് അത്ര കോപമായതുകൊണ്ട് കത്തി തെന്നിമാറി അവർ സ്വയം ഷണ്ഠ ന്മാരായിരുന്നെങ്കിൽ എന്നവൻ ആഗ്രഹിക്കുന്നു; ശക്തമായ വാക്കുകൽ; എന്നാൽ അവന്റെ സ്വരവ്യത്യാസം വെളിവാക്കുന്നത് അവനെത്ര ഗൗരവമായിട്ടാണ് ഈ പ്രശ്നത്തെ കാണുന്നതെന്നാണ്.

**ബുധൻ** **സെപ്റ്റംബർ 6**

**തന്നിഷ്ടമല്ല സ്വാതന്ത്ര്യം (ഗലാ. 5:13)**

ഗലാത്യ പുസ്തകത്തിൽ ഒരു പ്രധാന വഴിതിരിവാണ് ഗലാ. 5:13. ഈ സമയം വരെയും പൗലൊസ് പൂർണമായും അവന്റെ ദൂതിന്റെ ദൈവശാസ്ത്രപരമായ ഉള്ള ടക്കത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ, ഇപ്പോൾ അവൻ ക്രിസ്തീയ പെരുമാറ്റം എന്ന വിഷയത്തിലേക്ക് തിരിയുന്നു. ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ രക്ഷ പ്പെടാത്ത ഒരു വ്യക്തി എങ്ങനെ ജീവിക്കണം? **സ്വാതന്ത്ര്യ ദുരുപയോഗത്തിന്റെ സാദ്ധ്യമായ എന്ത് പ്രവർത്തിയാണ് ഗലാത്യർ ചെയ്യരുതെന്ന് പൗലൊസ് ആഗ്രഹി ക്കുന്നത്? (ഗലാ. 5:13).** ക്രിസ്തുവിൽ വിശ്വാസികൾക്കുള്ള സ്വാതന്ത്ര്യത്തിന്റെയും

കൃപയുടെയും മേൽ അവൻ കൊടുത്ത ഊന്നലിനോടൊപ്പമുണ്ടാകാവുന്ന അന്തർലീനമായ തെറ്റിദ്ധാരണയെക്കുറിച്ച് പൗലൊസിന് നല്ല ബോദ്ധ്യമുണ്ടായിരുന്നു (റോമ. 3:8; 6:1,2). എന്തായാലും പ്രശ്നം പൗലൊസിന്റെ സുവിശേഷമല്ല പിന്നെയോ ആഗ്രഹങ്ങൾക്കെല്ലാം കീഴ്പെടുന്ന മനുഷ്യപ്രവണതയാണ്. ചരിത്രത്താളുകളിൽ മനുഷ്യരുടെയും, നഗരങ്ങളുടെയും, രാഷ്ട്രങ്ങളുടെയും കഥകൾ ചിന്നിച്ചിതറി കിടക്കുകയാണ്, അവരുടെ അഴിമതിയും ധാർമ്മിക അരാജകത്വത്തിലേക്കുള്ള അധഃപതനം അവരുടെ ആത്മ-നിയന്ത്രണമില്ലായ്മയുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. ആർക്കാണ് ഈ പ്രവണത അവളുടെയോ അവന്റെയോ ജീവിതത്തിൽ അനുഭവപ്പെടാത്തത്? അതുകൊണ്ടാണ് പൗലൊസ് യേശുവിന്റെ അനുയായികൾ ഭോഗാസക്തരാകരുതെന്ന് വളരെ വ്യക്തമായി പറയുന്നത്. വാസ്തവത്തിൽ അവൻ ആഗ്രഹിക്കുന്നത് അതിന്റെ നേരെ എതിരാണ്, അതാകട്ടെ "സ്നേഹത്തിലൂടെ അന്യോന്യം സേവിക്കുക" എന്നാണ്. സ്നേഹത്തിൽനിന്നും മറ്റുള്ളവരെ സേവിക്കുന്ന ആർക്കും അറിയാവുന്നതുപോലെ, ഇത് സ്വയത്തോടും ജഡത്തോടും മരിക്കുന്ന ഒരാൾക്ക് മാത്രമെ കഴിയൂ. അവരുടെ സ്വന്തം ജഡത്തിൽ മുഴുകുന്നവർ മറ്റുള്ളവരെ സേവിക്കുന്നില്ല.

ആപ്രകാരം ക്രിസ്തുവിലുള്ള നമ്മുടെ സ്വാതന്ത്ര്യം ലോകത്തോടുള്ള അടിമത്തത്തിൽനിന്നുള്ള ഒരു സ്വാതന്ത്ര്യം മാത്രമല്ല, പിന്നെയോ ഒരു പുതിയ രീതിയിലുള്ള സേവനത്തിനായുള്ള വിളിയാണ്, മറ്റുള്ളവരെ സ്നേഹത്തിൽനിന്ന് സേവിക്കാനുള്ള ഉത്തരവാദിത്തം. "അത് അയൽക്കാരനെ തടസ്സം കൂടാതെ സേവിക്കാനുള്ള അവസരമാണ്, പ്രൗഢിക്കും അധികാരത്തിനും പകരം അന്യോന്യമുള്ള സ്വയം നൽകലിൽ അടിസ്ഥാനമായ മനുഷ്യ സമൂഹങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാദ്ധ്യത." Sam. K. Williams, Galatians (Nashyille, Tenn: Abindon press, 1997) p. 145.

ക്രിസ്ത്യാനിത്വത്തോടുള്ള നമ്മുടെ പരിചിതഭാവം കൊണ്ടും ഗലാ. 5:13 ന്റെ ആധുനിക തർജ്ജമകൾ കൊണ്ടും ഈ വാക്കുകൾ ഗലാത്യർക്ക് നൽകിയ അന്ധാളിപ്പിക്കുന്ന ശക്തി കാണാതെ പോകാൻ എളുപ്പമാണ്. ഒന്നാമത്, ഗ്രീക്ക് ഭാഷ സൂചിപ്പിക്കുന്നത് ഇപ്രകാരമുള്ള സേവനം ഒരുവനിൽ ഉളവാക്കുന്നത് സാധാരണ മനുഷ്യസ്നേഹമല്ല. അത് അസാദ്ധ്യമാണ്. മനുഷ്യസ്നേഹം വളരെ വ്യവസ്ഥാപരമാണ്. സ്നേഹം എന്ന ഗ്രീക്ക് വാക്കിനു മുൻപ് പൗലൊസ് ഉപയോഗിക്കുന്ന "ആ" പ്രത്യയം (വിവേചകഭേദകം) സൂചിപ്പിക്കുന്നത് ആത്മാവിലൂടെ മാത്രം നമുക്കു ലഭിക്കുന്ന ദിവ്യസ്നേഹമാണ് (റോമ. 5:5) "സേവിക്കുക" എന്ന് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നത് ഗ്രീക്കിൽ "അടിമയാക്കപ്പെടുക" എന്ന വാക്കാണ്. നമ്മുടെ സ്വാതന്ത്ര്യം സ്വയം ഭരണാവകാശത്തിനല്ല പിന്നെയോ ദൈവസ്നേഹത്തിന്റെ അടിസ്ഥാനത്തിൽ അന്യോന്യം അടിമയാക്കപ്പെടുന്നതിലാണ്.

**സത്യസന്ധരായിരിക്കുക: ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ഉപയോഗിച്ച് നിങ്ങൾക്ക് അവിടവിടെയായി അല്പാല്പം പാപം ചെയ്യാമെന്ന് നിങ്ങൾക് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അപ്രകാരമുള്ള ചിന്തയെക്കുറിച്ച് ഏറ്റവും മോശമായത് എന്താണ്?**

**ന്യായപ്രമാണം മുഴുവനായും നിവർത്തിക്കുന്നു (ഗലാ. 5:13–15)**

**ഗലാത്യർ 5:3 ലെ "ന്യായപ്രമാണം" മുഴുവനും നിവൃത്തിക്കുന്നു" എന്ന പൗലൊസിന്റെ നിഷേധാത്മക പ്രസ്താവനയും ഗലാത്യർ 5:14ലെ "ന്യായ പ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു." എന്ന പ്രസാദാത്മക പ്രസ്താവനയും തമ്മിൽ നിങ്ങൾ എങ്ങനെയാണ് ഒത്തുതീർപ്പാക്കുന്നു? റോമ. 10:5; ഗാലാ. 3:10,12; 5:3 എന്നിവ റോമ. 8:4; 13:8; ഗലാ. 5:14 എന്നിവയുമായി താരതമ്യം ചെയ്യുക.**

പൗലൊസിന്റെ പ്രസാദാത്മക പ്രസ്താവനയായ "ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു" എന്നതും നിഷേധാത്മക പ്രസ്താവനയായ "ന്യായപ്രമാണം മുഴുവനും നിവൃത്തിക്കുന്നു" എന്നതും തമ്മിലുള്ള വൈരുദ്ധ്യം അനേകരും പ്രത്യക്ഷത്തിൽ വിപരീതമായി തോന്നുന്നതായി കണ്ടിട്ടുണ്ട്. യഥാർത്ഥത്തിൽ അവ അങ്ങ അങ്ങനെയല്ല. ന്യായപ്രമാണത്തോടുള്ള ബന്ധത്തിൽ ക്രിസ്തീയ പെരുമാറ്റത്തെ രണ്ട് വ്യത്യസ്ത രീതികളിൽ നിർവ്വഹിക്കുന്നതിൽ ഉള്ള ഒരു പ്രധാന വ്യത്യാസം കാണിക്കുവാൻ പൗലൊസ് മനഃപൂർവ്വമായി ഓരോ പദശകലവും ഉപയോഗിച്ചിരിക്കുന്നു എന്ന വസ്തുതയിലാണ് അതിന്റെ മറുപടിയുള്ളത്. ഉദാഹരണത്തിന്, ന്യായപ്രമാണത്തിന്റെ ക്രിസ്തീയ അനുഷ്ഠാനത്തെ പ്രസാദാത്മകമായി സൂചിപ്പിക്കുമ്പോൾ പൗലൊസ് ഒരിക്കലും അതിനെ "ന്യായപ്രമാണം നിവർത്തിക്കുന്നു" എന്ന് വിവരിക്കുന്നില്ല. അവൻ ആ പദശകലം കരുതിവച്ചിരിക്കുന്നത് ന്യായപ്രമാണത്തിൻ കീഴിൽ ജീവിക്കുന്നവരുടെ വഴിപിഴച്ച പെരുമാറ്റത്തെ കാണിക്കുന്നതിനും ന്യായപ്രമാണം കല്പിക്കുന്നത് ചെയ്ത് ദൈവത്തിന്റെ പ്രീതിക്കായി അത് "ചെയ്യാൻ" ശ്രമിക്കുന്നവരെയും പ്രതിപാദിക്കാൻ മാത്രമാണ്.

ഇത് സൂചിപ്പിക്കുന്നത് ക്രിസ്തുവിൽ രക്ഷ കണ്ടെത്തിയവൻ അനുസരിക്കുന്നില്ല എന്നല്ല. സത്യത്തോട് ഇതിലും അകന്നുനിൽക്കുന്ന മറ്റൊന്നില്ല. പൗലൊസ് പറയുന്നുത് അവൾ ന്യായപ്രമാണം "നിവർത്തിയാക്കുന്നു" എന്നാണ് പൗലൊസ് പറയുന്നത്. അവൻ അർത്ഥമാക്കുന്നു ക്രിസ്തീയ പെരുമാറ്റമെന്നത് ബാഹ്യമായുള്ള അനസരണത്തിൽ അത് "ചെയ്യുന്നതിലും" വളരെ അധികമാണെന്നാണ്; അത് ന്യായപ്രമാണത്തെ "നിവർത്തിയാക്കുന്നു." "നിവർത്തിയാക്കുക"എന്ന വാക്ക് പൗലൊസ് ഉപയോഗിക്കുന്നത് അത് "ചെയ്യുന്നതിലും" വളരെ ഉന്നതമായതുകൊണ്ടാണ്. ഇപ്രകാരമുള്ള അനുസരണം യേശുവിൽ വേരൂന്നിയതാണ് (മത്താ.5:17 കാണുക).

അത് ന്യായപ്രമാണത്തിന്റെ ഒരു കയ്യൊഴിയലല്ല, ന്യായപ്രമാണത്തെ സ്നേഹത്തിലേക്ക് മാത്രം കുറയ്ക്കലുമല്ല, സമ്പൂർണ്ണ ന്യായപ്രമാണത്തിന്റെ അർത്ഥവും ശരിയായ ഉദ്ദേശ്യവും വിശ്വാസിക്ക് അനുഭവിക്കാനുള്ള മാർഗ്ഗമാണ്!

**പൗലൊസിന്റെ അഭിപ്രായപ്രകാരം എവിടെയാണ് ന്യായപ്രമാണത്തിന്റെ പൂർണ അർത്ഥം കാണപ്പെടുന്നത്? ലേവ്യ. 19:18; മർക്കോ. 12:31,33; മത്താ. 19:19; റോമ. 13:9; യാക്കോ. 2:8.**

അത് ലേവ്യയിൽ നിന്നുള്ള ഒരു ഉദ്ധരണി ആണെങ്കിലും, ഗലാത്യരിലുള്ള പൗലൊസിന്റെ പ്രസ്താവന യേശു ലേവ്യ. 19:18 ഉപയോഗിക്കുന്നതിൽ പരമമായി വേരൂന്നിയതാണ്. എന്നിരുന്നാലും , യേശു മാത്രമല്ല സമ്പൂർണ ന്യായപ്രമാണത്തിന്റെ ഒരു സംക്ഷിപ്തമായി ലേവ്യ. 19:18 ഉപയോഗിച്ച യെഹൂദ ഗുരു. യേശുവിന് ഒരു തലമുറ മുൻപ് ജീവിച്ചിരുന്ന ഹിലേൽ റബ്ബി പറഞ്ഞു: "നിങ്ങൾക്ക് വെറുപ്പായിരിക്കുന്നത്, നിങ്ങളുടെ അയൽവാസിയോട് ചെയ്യരുത്; അതാണ് സമ്പൂർണ ന്യായപ്രമാണം" എന്നാൽ യേശുവിന്റെ കാഴ്ചപ്പാട് തികച്ചും വ്യത്യസ്തമായിരുന്നു (മത്താ. 7:12). അത് കൂടുതൽ പ്രസാദാത്മകമാണെന്ന് മാത്രമല്ല, പിന്നെയോ അത് ന്യായപ്രമാണവും സ്നേഹവും പൊരുത്തപ്പെടാത്തതല്ല എന്നും വ്യക്തമായി കാണിക്കുന്നു. സ്നേഹമില്ലാതെ, ന്യായപ്രമാണം തണുത്തതും ശൂന്യവുമാണ്; ന്യായാപ്രമാണമില്ലാതെ, സ്നേഹത്തിന് ഒരു ദിശാബോധമില്ല.

**എന്താണ് എളുപ്പം, എന്തുകൊണ്ട്? മറ്റുള്ളവരെ സ്നേഹിക്കാനോ, അതോ വെറുതെ പത്ത് കല്പനകൾ അനുസരിക്കാനോ? നിങ്ങളുടെ ഉത്തരം ക്ലാസിൽ കൊണ്ടുവരിക.**

**വെള്ളി** **സെപ്റ്റംബർ 8**

**കൂടുതൽ ചിന്ത:**

"യഥാർത്ഥ വിശ്വാസം എപ്പോഴും സ്നേഹത്താൽ പ്രവർത്തിക്കുന്നു. നിങ്ങൾ കാൽവറിയിലേക്ക് നോക്കുമ്പോൾ അത് ക്ഷമ നിർവ്വഹിക്കാതിരിക്കുന്നതിൽ നിങ്ങളുടെ ആത്മാവിനെ ശാന്തമാക്കാനല്ല, നിങ്ങളെ ഉറക്കത്തിലേക്ക് തയ്യാറാക്കാനുമല്ല, പിന്നെയോ യേശുവിൽ വിശ്വാസം ഉണ്ടാക്കാനാണ്, പ്രവർത്തിക്കുന്ന വിശ്വാസം, അത് സ്വാർത്ഥതയെന്ന ചെളിയിൽനിന്നും ആത്മാവിനെ ശുദ്ധീകരിക്കുന്നതിനാണ്. നാം വിശ്വാസത്താൽ ക്രിസ്തുവിനെ മുറുകെപ്പിടിക്കുമ്പോൾ നമ്മുടെ വേല ആരംഭിച്ചിട്ടേയുള്ളു. എല്ലാ മനുഷ്യർക്കും ഊർജ്ജസ്വലതയുള്ള യുദ്ധത്തിലൂടെ കീഴടയ്ക്കേണ്ട പാപകരവും അഴിമതിനിറഞ്ഞതുമായ ശീലങ്ങളുണ്ട്. എല്ലാ ആത്മാവും വിശ്വാസത്തിന്റെ നല്ല പോർ പൊരുതണം.

ഒരുവൻ ക്രിസ്തുവിന്റെ ഒരനുയായി ആണെങ്കിൽ അവന് ഇടപാടുകളിൽ കർക്കശക്കാരനാകാനാകില്ല, അവന് കഠിനഹൃദയനാകാനാകില്ല, അനുകമ്പയില്ലാത്തവനും ആയിരിക്കാനാകില്ല. അവന് സംഭാഷണത്തിൽ പരുക്കനാകാനാകില്ല. അവന് ഡംഭുള്ളവനും ആത്മപ്രശംസയുള്ളവനുമാകാനാകില്ല. അവന് അടക്കിഭരിക്കുന്നവനാകാനാവില്ല, നിന്ദിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാനാകില്ല.

"വിശ്വാസത്തിന്റെ പ്രവർത്തിയിൽനിന്ന് സ്നേഹത്തിന്റെ പ്രവർത്തികൾ കുതിച്ചുയരുന്നു. വേദപുസ്തക മതമെന്നത് നിരന്തര പ്രവർത്തനമാണ്. "സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനും, നിങ്ങളുടെ സൽപ്രവർത്തികളെ അവർ കാണേണ്ടതിനും, മനുഷ്യരുടെ മുൻപിൽ നിങ്ങളുടെ പ്രകാശം വിളങ്ങട്ടെ." 'ഭയത്തോടും വിറയലോടും കൂടി നിങ്ങളുടെ രക്ഷയെ നേടിക്കൊൾവിൻ, നാം സൽപ്രവൃത്തികളിൽ എരിവുള്ളവരായിരിക്കണം; സൽപ്രവർത്തികൾ നിലനിർത്തുവാൻ ശ്രദ്ധാലുക്കളാകണം. യഥാർത്ഥസാക്ഷി പറയുന്നു, ഞാൻ നിന്റെ പ്രവർത്തിയെ അറിയുന്നു."

“നമ്മുടെ തിരക്കേറിയ പ്രവർത്തനങ്ങൾ സ്വയമായി നമുക്ക് രക്ഷ ഉറപ്പാക്കുന്നി ല്ലെങ്കിലും, നമ്മെ ക്രിസ്തുവുമായി ബന്ധിപ്പിക്കുന്ന വിശ്വാസം പ്രവർത്തിയിലേക്ക് ആത്മാവിനെ ഉത്തേജിപ്പിക്കും എന്നതും സത്യമാണ് (MS 16, 1890)” EGW, The SDA Bible commentary , vol 6,p. 1111.

**ചർച്ചാ ചോദ്യങ്ങൾ:**

1. **ഒരു ക്ലാസെന്ന നിലയിൽ, വ്യാഴാഴ്ചയിലെ ഭാഗത്തിന്റെ അവസാന ചോദ്യ ത്തിന്റെ ഉത്തരങ്ങൾ വിലയിരുത്തുക. ഏത് തിരഞ്ഞെടുപ്പാണ് മിക്കവർക്കും എളുപ്പമായി തോന്നിയത്, എന്തുകൊണ്ട്? ന്യായപ്രമാണം നിവർത്തിയാ ക്കുക എന്നതിന്റെ അർത്ഥമെന്താണെന്നതിനെക്കുറിച്ച് നിങ്ങളുടെ ഉത്തരം എന്ത് നിർദ്ദേശിക്കുന്നു?**
2. **സ്നേഹത്തിലൂടെയാണ് വിശ്വാസം “പ്രവർത്തിക്കുന്നത്” എന്ന് പൗലൊസ് പറയുന്നു, അവൻ എന്താണ് അർത്ഥമാക്കുന്നത്?**
3. **പാപത്തിൽ മുഴുകാനായി ക്രിസ്തുവിലുള്ള നിങ്ങളുടെ സ്വാതന്ത്ര്യത്തെ ഉപയോഗിക്കുന്നു എന്ന ആശയം പരിശോധിക്കുക. എന്തുകൊണ്ടാണ് അതുചെയ്യാൻ അത്ര എളുപ്പമാകുന്നത്? എന്നിരുന്നാലും, മനുഷ്യർ അപ്ര കാരം ചിന്തിക്കുമ്പോൾ അവനോ അവളോ എന്ത് കെണിയിലേക്കാണ് വീഴു ന്നത്?**

**സംഗ്രഹം: സുവിശേഷത്തെ വിശേഷിപ്പിക്കുന്നതിനുപയോഗിക്കുന്ന വാക്കു കളിൽ പൗലൊസിന്റെ ഇഷ്ടവാക്കുകളിൽ ഒന്നാണ് സ്വാതന്ത്ര്യം. അതിൽ ലോകത്തിന്റെ അടിമത്തത്തിൽനിന്ന് നമ്മെ സ്വതന്ത്രരാക്കുന്നതിൽ ക്രിസ്തു നമുക്കായി എന്തു ചെയ്തിട്ടുണ്ടെന്നും നാമെങ്ങനെയാണ് ക്രിസ്തീയജീവിതം നയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നതെന്നും ഉൾപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും നമ്മുടെ സ്വാതന്ത്ര്യം നിയമസിദ്ധാന്തത്തിനും തന്നിഷ്ടത്തിനും ഇരയായി ഭവി ക്കാതിരിക്കാൻ നാം സൂക്ഷിക്കണം. നമുക്കു നമ്മെത്തന്നെ സേവിക്കാൻ വേണ്ടിയല്ല ക്രിസ്തു നമ്മെ സ്വതന്ത്രമാക്കിയത്, പിന്നെയോ നാം നമ്മുടെ ജീവിതങ്ങൾ ശുശ്രൂഷയായി അയൽക്കാർക്ക് നൽകുന്നതിനാണ്.**

ക ക ക ക